# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : T5462**

## "നിർദ്ദേശ്"പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ ചാലിയത്ത് പ്രതിരോധ വകുപ്പ് സ്ഥാപിക്കാനുദ്ദേശിച്ച "നിർദ്ദേശ്" പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചാലിയത്ത് പ്രതിരോധ വകുപ്പ് സ്ഥാപിക്കാനുദ്ദേശിച്ച 520 കോടി രൂപ നിക്ഷേപമുള്ള നിർദ്ദേശ് പദ്ധതിയുടെ രൂപരേഖയ്ക്ക് 2014 ജനുവരിയിൽ ബോർഡ് ഓഫ് ഗവർണേഴ്സ് അനുമതി നൽകി. ഒന്നാം ഘട്ടത്തിന്റെ വിശദമായ പഠന റിപ്പോർട്ട് രൂപപ്പെടുത്തുകയും, ഇത് 'നിർദ്ദേശിന്റെ' എക്സിക്യൂട്ടീവ് കമ്മിറ്റി 2014 ജൂൺ മാസം അംഗീകരിക്കുകയും ചെയ്തു. ഇതു പ്രകാരം പദ്ധതിയുടെ പ്രഥമഘട്ട ചിലവ് 200 കോടി രൂപയാണ്. കപ്പൽശാലയിലെ എഞ്ചിനീയർമാർക്കുള്ള പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം 200 പേർക്ക് പരിശീലനം നൽകുകയുമുണ്ടായി. |
| (ബി) | നിർദ്ദിഷ്ട പദ്ധതിയുടെ പരിസരത്ത് താമസിക്കുന്നവർക്കായി നിർദ്ദേശിച്ച പാക്കേജ് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പദ്ധതിയുടെ സമീപ വാസികളായ കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന വനഭൂമി പതിച്ച് നൽകുക, പദ്ധതി വന്നതിലൂടെ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങളെ പുനരധിവസിപ്പിക്കുക, സമീപവാസികളായ മറ്റൊരു 125 ഓളം കുടുംബങ്ങൾക്ക് പാർപ്പിടം നൽകുക മുതലായ ആവശ്യങ്ങളാണ് സമീപ വാസികൾ ദീർഘകാലമായി സംസ്ഥാന സർക്കാർ മുമ്പാകെ ഉയർത്തിയിട്ടുള്ളത്. വിവിധ തലങ്ങളിൽ പലവട്ടം ചർച്ചകൾ നടത്തിയിട്ടും ഇതിന് പ്രായോഗികമായ ഒരു പരിഹാരം കണ്ടെത്താൻ സാധിക്കാത്തതിനാൽ 03/01/2013 മുതൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർക്കുകയും 21 കുടുംബങ്ങൾ |
| (സി) | ഇല്ലെങ്കിൽ നടപടികൾ ഉടൻ കൈക്കൊള്ളുമോ ? | | |

താമസിക്കുന്ന 2 ഏക്കർ ഭൂമിക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുന്നതിനും 23 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും മറ്റൊരു 125 കുടുംബങ്ങളെ ഏതെങ്കിലും ഒരു പൊതു സ്കീമിൽപ്പെടുത്തി പാർപ്പിട സൗകര്യം നൽകുന്ന കാര്യം പരിശോധിക്കുന്നതിനും തീരുമാനമായി. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ